**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡിയും മിനിമം വേതനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. അൻവർ സാദത്ത് , ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡി 2016-ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | 2.4 ലക്ഷം സജീവ മത്സ്യത്തൊഴിലാളികളുള്ള കേരള സംസ്ഥാനത്ത് ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച ഏകദേശം 35,000 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇതിൽ ഭൂരിപക്ഷം ഔട്ട് ബോർഡ് എഞ്ചിനുകളും മണ്ണെണ്ണയാണ് ഇന്ധനമായി ഉപയോഗിക്കുന്നത് .പൊതുവിതരണ സമ്പ്രദായ (PDS) ത്തിലൂടെ മത്സ്യബന്ധനത്തിനായി സബ്സിഡിയോടു കൂടി ലഭിച്ചിരുന്ന മണ്ണെണ്ണ കേന്ദ്ര സർക്കാർ ഇപ്പോൾ നിർത്തി വെച്ചിരിക്കുകയാണ്. പകരം മത്സ്യബന്ധന മേഖല, കാർഷിക മേഖല, ഉത്സവം, പ്രകൃതി ദുരന്തം തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന Non subsidized PDS മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്. ഇത് തന്നെ വളരെ കുറഞ്ഞ അളവിലാണ് അനുവദിക്കുന്നത്. 2022 ൽ നടത്തിയ ജോയിന്റ് വെരിഫിക്കേഷൻ പ്രകാരം 14,502 മത്സ്യബന്ധനയാനങ്ങൾക്ക് പ്രതിവർഷം 1,12,154.616 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2022 - 23 സാമ്പത്തിക വർഷം 7,160 കിലോ ലിറ്റർ മണ്ണെണ്ണയും, 2023 - 24 സാമ്പത്തിക വർഷം 3,300 കിലോ ലിറ്റർ മണ്ണെണ്ണയും, 2024-25 സാമ്പത്തിക വർഷത്തിൽ 1,248 കിലോ ലിറ്റർ മണ്ണെണ്ണയും മാത്രമാണ് കേന്ദ്ര സർക്കാർ മത്സ്യബന്ധന മേഖലക്ക് അനുവദിച്ചത്. 2025 - 26 സാമ്പത്തിക വർഷം നാളിത് വരെയായി 2,073 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിച്ചത്. സബ്സിഡി രഹിത മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണമെന്നും മത്സ്യമേഖലയിൽ സബ്സിഡി രഹിത മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി മത്സ്യഫെഡിനെ |

ച്ചമതലപ്പെടുത്തണമെന്നും നിരന്തരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂലമായ പ്രതികരണം ലഭിച്ചില്ല. നിർഭാഗ്യവശാൽ, യാനങ്ങളിൽ മണ്ണെണ്ണ ഉപയോഗിക്കുന്നത് വായു, സമുദ്ര മലിനീകരണത്തിന് കാരണമാകുമെന്നും ഇത് ജൈവവൈവിധ്യത്തിനും മത്സ്യബന്ധന സുസ്ഥിരതയ്ക്കും ഭീഷണിയാണെന്നുമുള്ള കാരണം പറഞ്ഞ് കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ ലഭ്യതയും സബ്സിഡിയും ക്രമേണ പൂർണ്ണമായും നിർത്തലാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം മത്സ്യത്തൊലാളികളെ സാമ്പത്തികമായി തകർക്കുമെന്ന് മുൻകൂട്ടി കണ്ട് അവർക്ക് താങ്ങാവുന്ന വിധത്തിൽ ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ സംസ്ഥാന സർക്കാർ പരിശോധിക്കുകയും അതിന്റെ ആദ്യപടിയായി നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ, എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള 13.55 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. 50% സബ്സിഡി നൽകിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. മണ്ണെണ്ണ എഞ്ചിൻ ഉപേക്ഷിച്ച് പെട്രോൾ എഞ്ചിനിലേക്ക് മാറുന്ന ഗുണഭോക്താക്കൾക്ക് അവരുടെ പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള അളവ് പെട്രോളിനും ലിറ്ററിന് 25 രൂപ സബ്സിഡി നൽകുന്ന പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

അതോടൊപ്പം അടുത്ത നാല് വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന 35,000 ഔട്ട് ബോർഡ് മോട്ടോറുകൾ എൽ.പി.ജി. / സോളാറിൽ പ്രവർത്തിക്കുന്ന സംവിധാനത്തിലേക്ക് മാറ്റുന്നതിലൂടെ കാർബൺ നിർഗമനം കുറയ്ക്കുക, ഇന്ധനച്ചെലവ് 40% കുറയ്ക്കുക, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ 2025-26 സാമ്പത്തിക വർഷത്തെ PM-MKSSY പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണെണ്ണ ഔട്ട്ബോർഡ് മോട്ടോറുകൾ എൽ.പി.ജി./ സോളാർ ഔട്ട്ബോർഡ് മോട്ടോറുകളാക്കി മാറ്റുന്ന 134.085 കോടി രൂപയുടെ പദ്ധതി State Level Approval and Monitoring Committee (SLAMC) അംഗീകരിച്ച് സംസ്ഥാന സർക്കാരിന്റെ 12/08/2025 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്

പദ്ധതി പ്രകാരം ഒരു എഞ്ചിന് ഏകദേശം 35,000/- രൂപ പരിവർത്തന ചെലവ് കണക്കാക്കുന്നു. ഇതിൽ 50 % കേന്ദ്ര – സംസ്ഥാന സർക്കാർ സബ്സിഡിയും (12,250/- + 5,250/- = 17,500), ബാക്കി 50%

| | | | |
|---|---|---|---|
| | | | (17,500/- രൂപ) ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിക്കായി ആകെ കണക്കാക്കിയിരിക്കുന്ന ചെലവ് 134.085 കോടി രൂപയാണ്. ഇതിൽ 72.835 കോടി രൂപ സർക്കാർ വിഹിതവും 61.25 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഗുണഭോക്താവിന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിന്, ഗുണഭോക്തൃ വിഹിതമായ 17,500 രൂപയുടെ 90 ശതമാനം തുകയായ 15,750 രൂപ ബാങ്ക് വായ്പയായി നൽകുന്നതിനും വായ്പയുടെ പലിശ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സബ്സിഡി നിർത്തലാക്കിയത് മൂലവും മണ്ണെണ്ണയുടെ ലഭ്യതക്കുറവ് മൂലവും പ്രതിസന്ധിയിലായ മത്സ്യമേഖലയ്ക്ക് വലിയ ആശ്വാസമാകുന്ന ടി പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചാലുടൻ തന്നെ പദ്ധതി നടപ്പാക്കുന്നതാണ്.<br><br>മണ്ണെണ്ണയ്ക്ക് നിലവിൽ ഒരു ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകി വരുന്നുണ്ട്. സബ്സിഡി തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | കാലാവസ്ഥ മുന്നറിയിപ്പുകൾ കാരണം ജോലിക്ക് പോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 കോടി രൂപ, (SDRF, CMDRF) അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2021-22 ലെ ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30/07/2020 ലെ സ.ഉ(സാധാ)നം.210/2020/ഭ.പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മെയ് മാസം |

| | | | |
|---|---|---|---|
| | | | മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.<br><br>2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് പരിഹാരമായി 1,66,756 സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 20/01/2023-ലെ സ.ഉ(സാധാ) നം.64/2023/മഉവ പ്രകാരം റവന്യൂ വകുപ്പ് (സ.ഉ.(സാധാ) നം.476/2023/റ.വ തീയതി 29/01/2023) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.<br><br>2025 മെയ് 18 മുതൽ മെയ് 31വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെടരുതെന്ന INCOIS, KSDMA, IMD എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,72,160 മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് 48,20,48,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് കൊണ്ട് സ.ഉ.(കൈ) നം.14/2026/റ.വ. തീയതി 08/01/2026 പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ഉത്തരവായിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ